പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ --5778 27.10.2011- ലെ മറുപടിക്ക്

പ്രവാസികൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ | ശ്രീ. കെ. സി. ജോസഫ് |
| ശ്രീ. കെ. ശിവദാസൻ നായർ | (ഗ്രാമവികസനവും ആസൂത്രണവും |
| ശ്രീ. സണ്ണി ജോസഫ് | സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) പ്രവാസികൾക്കുള്ള ഇൻഷ്വറൻസ് പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാം ; | (എ) പ്രവാസി തിരിച്ചറിയൽ കാർഡ് ഉടമസ്ഥർക്കാണ് ഇപ്പോൾ അപകട ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നത്. രണ്ട് ലക്ഷം രൂപയുടെ പരിരക്ഷ മൂന്ന് വർഷത്തേക്കാണ് ലഭിക്കുന്നത്. ഇത് അപകട ഇൻഷ്വറൻസ് പരിരക്ഷയായതിനാൽ അപകടമരണം സംഭവിക്കുകയാണെങ്കിൽ നോമിനിക്ക് ഈ തുക ലഭിക്കുന്നതാണ്. കൂടാതെ സ്ഥിരം അല്ലെങ്കിൽ ഭാഗികമായ അംഗവൈകല്യം സംഭവിക്കുകയാണെങ്കിൽ ഡോക്ടർ നൽകുന്ന അംഗവൈകല്യ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതാണ്. |

| | |
|---|---|
| (ബി) ഇപ്പോൾ ഇൻഷ്വറൻസ് തുക വർദ്ധിപ്പിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ? | (ബി) 2008 ആഗസ്റ്റ് മുതൽ ആരംഭിച്ച പ്രവാസി തിരിച്ചറിയൽ കാർഡിനോടൊപ്പം ഒരു ലക്ഷം രൂപയുടെ പരിരക്ഷയാണ് നൽകിയിരുന്നത്. 2011 നവംബർ മുതൽ പ്രവാസി തിരിച്ചറിയൽ കാർഡ് ഉടമകൾക്ക് രണ്ട് ലക്ഷം രൂപയായി അപകട ഇൻഷുറൻസ് പരിരക്ഷ ഉയർത്തിയിട്ടുണ്ട്. ഇതിൽ അപകടമരണം, പൂർണ്ണമായ അതായത് രണ്ട് കൈ, കാല്, കണ്ണ് അല്ലെങ്കിൽ ഒരു കാലും കണ്ണും എന്നിങ്ങനെയുള്ള സ്ഥിര അംഗവൈകല്യങ്ങൾക്ക് രണ്ട് ലക്ഷം രൂപ പരിരക്ഷ ലഭിക്കും. ഒരു കാൽ, കൈ, കണ്ണ് നഷ്ടപ്പെട്ടാൽ ഒരു ലക്ഷം രൂപയും മറ്റ് അംഗവൈകല്യങ്ങൾക്ക് ഡോക്ടർ നൽകുന്ന അംഗവൈകല്യ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഇൻഷുറൻസ് കമ്പനി നിശ്ചിത ശതമാനം ഇൻഷുറൻസും പരിരക്ഷ നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ